# G B V H S S
# MADAYI

# ACADEMIC MASTER PLAN

## 2025-26

# ജി ബി വി എച്ച് എസ് എസ് മാടായി

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | കണ്ണൂർ |
| സ്കൂൾ കോഡ് | 13033 |
| സ്കൂളിന്റെ പേര് | ജി ബി വി എച്ച് എസ് എസ്<br>മാടായി |
| മേൽവിലാസം | പി ഒ പഴയങ്ങാടി<br>കണ്ണൂർ ജില്ല<br>670303 |
| ഫോൺ | 0497-2930757 |
| ഇമെയിൽ | gbvhssmadayi@gmil.com |
| ഗ്രാമപഞ്ചായത്ത് | മാടായി |
| വിദ്യാഭ്യാസജില്ല | തളിപ്പറമ്പ |
| സബ്ജില്ല | മാടായി |

# ആമുഖം

ചരിത്ര പ്രസിദ്ധവും പ്രകൃതിരമണീയവുമായ മാടായിപ്പാറയുടെ സമീപത്താണ് മാടായി ഗവ. ബോയ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഏഴ് പതിറ്റാണ്ടിലധികമായി വിദ്യാധനം നൽകി വരുന്ന ഈ സ്ഥാപനം ആരംഭിച്ചത് 1951 ലാണ്.

മാടായിയിൽ പരേതനായ ബാരിസ്റ്റർ വി.ആർ നായനാർ അബ്ദുൾ റഹ്മാൻ അബ്ദുള്ള സേറ് തുടങ്ങിയവർ മുൻകൈ എടുത്ത് രൂപീ കരിച്ച വെൽഫേർ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസി: ആയിരുന്ന ശ്രീ. കെ.എ. മുകുന്ദനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അനുവദിച്ച് തരാമെന്ന് ഉറപ്പ് കിട്ടി. സ്കൂളിന് വേണ്ടി വെൽഫേർ കമ്മിറ്റി സ്ഥലവും കെട്ടിടവും ഉണ്ടാക്കണം എന്ന് നിർദ്ദേശിച്ചതിൻ്റെ അടിസ്ഥാനത്തിൽ അന്ന മാടായിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എം.കെ. ഗോവിന്ദൻ നമ്പ്യാരുടെ മാനേജിമെൻ്റിൽ പ്രവർത്തിച്ചുവന്ന മാടായി വെൽഫേർ എലിമെന്ററി സ്കൂളിൻ്റെ സ്ഥലവും കെട്ടിടവും വെൽഫെയർ കമ്മിറ്റി വിലയ്ക്കുവാങ്ങി. 1950 നാട്ടുകാരിൽ നിന്ന് പിരിച്ചെടുത്ത 23000 രൂപയ്ക്കായിരുന്നു സ്ഥലവും പഴയ കെട്ടിടവും മലബാർ ഡിസ്ട്രിക്ട് ബോർഡിൻ്റെ കീഴിൽ രജിസ്റ്റർ ചെയ്ത് നൽകി സ്കൂളിന്റെ പിന്നിലുള്ള 2 ഏക്കർ 24 സെൻ്റ് പഴയ കെട്ടിടവും ചിറക്കൽ കോവിലകത്ത് മറുപാട്ടം വെച്ച് ഏറ്റുവാങ്ങി ബോർഡിനെ ഏൽപിച്ചു. അവിടെയാണ് പിന്നീട് ഗേൾസ് ഹൈസ്കൂൾ കെട്ടിടം ഉണ്ടാക്കിയത്. കളിസ്ഥലത്തിന് വേണ്ടി പാളയം ഗ്രൗണ്ടും പാട്ടം വെച്ച് ഏറ്റുവാങ്ങി.

വടകരക്കാരനായ ടി. കൃഷ്ണൻ നായരായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ ESLC കഴിഞ്ഞുവന്ന കുട്ടികൾക്ക് IV അഡ്മിഷൻ നൽകി 1951 ജൂണിൽ ക്ലാസുകൾ ആരംഭിച്ചു. ഒരു കൊല്ലത്തിനു ള്ളിൽ ഇപ്പോൾ ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടം പൂർത്തിയായി രണ്ടാം വർഷം പയ്യന്നൂർ ബ്ലോക്കിൻ്റെ സഹായത്തോടെ നാല് ക്ലാസ്സ് മുറികൾ നിർമ്മിച്ചു. ബോർഡ് ഹൈസ്കൂൾ ഏറ്റെടുക്കുകയും ഗവ: ഹൈസ്കൂളായി മാറുകയും ചെയ്തു. 1989 ൽ ആണ് കഴിഞ്ഞ വർഷം വരെ VHSE പ്രവർത്തിച്ചിരുന്ന കെട്ടിടം നിർമ്മിച്ചത്. കാലപ്പഴക്കത്തിൽ ആ കെട്ടിടം 2017 മെയ് മാസം പൊളിച്ചുമാറ്റി. 1979 ആകുമ്പോഴേക്കും സ്കൂളിൽ 3500 ൽ പരം കുട്ടികളും 100 ൽ പരം അധ്യാപകരും ഉണ്ടായിരുന്നു. തുടർന്ന് ബോയ്സ് ഹൈസ്കൂളും ഗേൾസ് ഹൈസ്കൂളുമായി വിഭജിക്കപ്പെട്ടു. 1990 ൽ വൊക്കേഷണൽ ഹയർസെക്കണ്ടറിയും 2000 ത്തിൽ ഹയർസെക്കണ്ടറിയും നിലവിൽ വന്നു. കടന്നപ്പള്ളി, ചെറുതാഴം, ചെറുകുന്ന്, കൊട്ടില, പുതിയങ്ങാടി എന്നീ സ്ഥലങ്ങളിൽ സ്കൂൾ വന്നതോടുകൂടി കുട്ടികളുടെ എണ്ണം കുറഞ്ഞു വന്നു. അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠനത്തിന് സൗകര്യങ്ങൾ സജ്ജീകരിക്കപ്പെട്ടു.

| ഹൈസ്കൂൾ വിഭാഗം | | |
|---|---|---|
| ആകെ വിദ്യാർത്ഥികൾ | 339 | |
| ആകെ അധ്യാപകർ | സ്ഥിരം | 16 |
| | അതിഥി | 3 |
| അധ്യാപകേതര ജീവനക്കാർ | 4 | |
| ക്ലാസ്സുകളുടെ എണ്ണം | 12 | |
| | | |

# നേട്ടങ്ങൾ

## അക്കാദമിക നേട്ടങ്ങൾ

മാടായി ജി ബി വി എച്ച് എസ് സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ2024–25 വർഷം പത്താംതരം പൊതുപരീക്ഷയെഴുതിയ മുഴുവൻ കുട്ടികളും വിജയിച്ചു. അഞ്ച് കുട്ടികൾ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കി സ്കൂളിന്റെ അഭിമാനമായി.

സംസ്കൃതം സ്കോളർഷിപ്പ് 3 വിദ്യാർത്ഥികൾ കരസ്ഥമാക്കിയത് നമ്മുടെ വിദ്യാലയത്തിന്റ മികച്ച നേട്ടങ്ങളിൽ ഒന്നാണ്.

എൻ എം എം എസ് സ്കോളർഷിപ്പ് ഒരു വിദ്യാർത്ഥിയും കരസ്ഥമാക്കി. അതുപോലെ യു എസ് എസ് സ്കോളർഷിപ്പും ഒരു വിദ്യാർത്ഥി കരസ്ഥമാക്കി.

## കലാ–കായികം

ഉപജില്ലാ– ജില്ലാ കലോൽസവങ്ങളിൽ മികച്ച വിജയം നേടിയെടുക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഉപജില്ലാ– ജില്ലാ കായിക മൽസരങ്ങളിലും മികച്ച വിജയം നേടിയെടുക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

## ശാസ്ത്രമേളകൾ

ശാസ്ത്രമേളകളിലും നമുക്ക് വലിയ നേട്ടങ്ങൾ കൈവരിക്കാൻ 2024–25 അക്കാദമിക വർഷത്തിൽ കഴിഞ്ഞിട്ടുണ്ട്.

## പരിമിതികൾ

സ്കൂളിന്റെ ഭൌതികസൌകര്യം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്കൂളിനോടനുബന്ധിച്ച് കായിക മൈതാനം ഇല്ല എന്നതും ഒരു പരിമിതിയാണ്. സ്കൂളിന്റെ ഗ്രൌണ്ട് കുറച്ച് ദൂരെയായതിനാൽ (പാളയം ഗ്രൌണ്ട്) കുട്ടികളുടെ കായികപരിശീലനത്തിനടക്കം ഇത് കാര്യമായി ബാധിക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാര ത്തിലേക്കുയർന്നില്ല എന്നത് പരിമിതിയാണ്. ഹൈസ്കൂൾ വിഭാഗത്തിൽ 6 ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിൽ എത്തിയെങ്കിലും ബാക്കിയുള്ള ക്ലാസ്മുറികളും കൂടി ഈ നിലവാരത്തിലേക്ക് എത്തിച്ചേരേണ്ടതുണ്ട്. ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം ലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായില്ല. അതുപോലെ ശാസ്ത്രലാബ് ഉണ്ടെങ്കിലും ഫിസിക്സിനും, കെമിസ്ട്രിക്കും ബയോളജിക്കും പ്രത്യേകമായി ഇല്ല എന്നുള്ളതും പരിമിതിയാണ്. പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേണ്ടതുണ്ട്. ഹൈസ്കൂൾ ഐ.ടി.ലാബിലും കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമമമാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നട ത്തിവരുന്നു.

മികച്ച സൌകര്യങ്ങൾ ഉള്ളതും എല്ലാ വിദ്യാർത്ഥികൾക്കും ഒന്നിച്ച് ഇരിക്കാവുന്നതുമായ ഒരു ഹാൾ-ഓഡിറ്റോറിയം ഹൈസ്കൂൾവിഭാഗത്തിൽ ഇല്ലാത്തത് പ്രധാനപ്പെട്ട ഒരു പരിമിതിയാണ്.

മികവുകൾ

ക്ലാസ്സ് മുറികളെല്ലാം മികച്ച നിലവാരത്തിലുള്ളതാണ്. വൈദ്യുതി, ഫാൻ, വെളിച്ചം എന്നിവയോടൊപ്പം മികച്ച ബഞ്ചും ഡസ്കും എല്ലാ ക്ലാസ്സുകളിലുമുണ്ട്. മുറികളുടെ നിലവും വരാന്തയും ടൈൽസ് പാകിയതാണ്. ആവശ്യമായ ശുചിമുറികൾ സ്കൂളിലുണ്ട്. പെൺകുട്ടികൾക്ക് അവരുടെ ശുചിത്വം പരിഗണിച്ച് വേണ്ട സൌകര്യങ്ങൾ സ്കൂൾതലത്തിൽ ഒരുക്കിയിട്ടുണ്ട്.

കുട്ടികൾക്ക് വേണ്ടി സുസജ്ജമാക്കിയ ലൈബ്രറിയുണ്ട്. ഇതിൽത്തന്നെ മികച്ച ഒരു റഫറൻസ് ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്.

കമ്പ്യൂട്ടർലാബിൽ പ്രവർത്തനക്ഷമമായ ലാപ്ടോപ്പ് ഉണ്ട്. സയൻസ്, സോഷ്യൽ ലാബുകളിലും അത്യാവശ്യസൌകര്യങ്ങൾ ഉണ്ട്. സൌകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ് .

## ഭാഷാ പ്രവർത്തനങ്ങൾ

## ഇംഗ്ലീഷ്

| ലക്ഷ്യം | ഭാഷ | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ മികച്ച നിലവാരത്തിൽ എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ഇംഗ്ലീഷ് | 1)ഇംഗ്ലീഷിൽത്തന്നെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുക.<br><br>2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കൂടുതൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കുക.<br><br>3) ഇംഗ്ലീഷ് ഭാഷാ പത്ര വായന ശീലമാക്കൽ.<br><br>4)വായനക്കുറിപ്പുകൾ, ഡയറി, അനുഭവങ്ങൾ എന്നിവ ഇംഗ്ലീഷിൽത്തന്നെ എഴുതി ശീലമാക്കൽ . | എല്ലാ ക്ലാസ്സുകളും ഇതിലുൾപ്പെടുന്നു. ഒരു വർഷം നീളുന്ന വിധത്തിൽ പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു | ഇംഗ്ലീഷ് ടീച്ചർ | |

## അനുബന്ധ പ്രവർത്തനങ്ങൾ

- ഇംഗ്ലീഷ് വായനയിലേക്ക് താല്പര്യം ജനിപ്പിക്കുന്നതിനായി ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
- പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലേക്കും വിദ്യാർത്ഥികളുടെ ശ്രദ്ധതിരിക്കുന്നു.
- വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള ആനുകാലികങ്ങൾ പരിചയപ്പെടുത്തുന്നു. (സ്പോർട്സ്, യാത്ര, ബിസിനസ്, വാഹനം തുടങ്ങിയവ
- ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടുകൂടിയുള്ള ഭാഷാപഠനം (സിനിമ, ഡോക്യുമെന്ററികൾ തുടങ്ങിയവ
- കുട്ടികളുടെ സർഗാത്മകസൃഷ്ടികളുടെ പ്രദർശനവും വിലയിരുത്തലും.

# ഭാഷാ പ്രവർത്തനങ്ങൾ

## ഹിന്ദി

| ലക്ഷ്യം | ഭാഷ | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ മികച്ച നിലവാരത്തിൽ എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ഹിന്ദി | 1)ഹിന്ദിയിൽത്തന്നെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുക.<br>2) ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനം കൂടുതൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കുക.<br>3) ഹിന്ദി പുസ്തക വായന ശീലമാക്കൽ.<br>4)വായനക്കുറിപ്പുകൾ, ഡയറി, പോസ്റ്റർ, നോട്ടീസ്, അനുഭവങ്ങൾ എന്നിവ ഹിന്ദിയിൽത്തന്നെ എഴുതി ശീലമാക്കൽ . | എല്ലാ ക്ലാസ്സുകളും ഇതിലുൾപ്പെടുന്നു. ഒരു വർഷം നീളുന്ന വിധത്തിൽ പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു | ഹിന്ദി അധ്യാപകർ | |

## അനുബന്ധ പ്രവർത്തനങ്ങൾ

- ➢ ഹിന്ദി വായനയിലേക്ക് താല്പര്യം ജനിപ്പിക്കുന്നതിനായി ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
- ➢ പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലേക്കും വിദ്യാർത്ഥികളുടെ ശ്രദ്ധതിരിക്കുന്നു.
- ➢ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള ആനുകാലികങ്ങൾ പരിചയപ്പെടുത്തുന്നു. (സ്പോർട്സ്, യാത്ര, ബിസിനസ്, വാഹനം തുടങ്ങിയവ
- ➢ ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടുകൂടിയുള്ള ഭാഷാപഠനം (സിനിമ, ഡോക്യുമെന്ററികൾ തുടങ്ങിയവ
- ➢ കുട്ടികളുടെ സർഗാത്മകസൃഷ്ടികളുടെ പ്രദർശനവും വിലയിരുത്തലും.

## ഭാഷാ പ്രവർത്തനങ്ങൾ

## മലയാളം

| ലക്ഷ്യം | ഭാഷ | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ മികച്ച നിലവാരത്തിൽ എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | മലയാളം | പ്രീ ടെസ്റ്റ് നടത്തി അക്ഷരം ഉറപ്പിക്കൽ, വായന, ഉച്ചാരണം എന്നിവയിൽ വിലയിരുത്തൽ നടത്തുന്നു. വാക്കുകൾ പരിചയപ്പെടലും അവയുടെ പ്രയോഗവും.<br><br>2)വിദ്യാരംഗം, വായനക്കൂട്ടം തുടങ്ങിയ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക.<br><br>3) ആനുകാലികം, പത്ര വായന എന്നിവ ശീലമാക്കൽ.<br><br>4)വായനക്കുറിപ്പുകൾ, ഡയറി, അനുഭവങ്ങൾ എന്നിവ എഴുത്ത് പരിശീലനം . | എല്ലാ ക്ലാസ്സുകളും ഇതിലുൾപ്പെടുന്നു. ഒരു വർഷം നീളുന്ന വിധത്തിൽ പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു | ഇംഗ്ലീഷ് ടീച്ചർ | |

## മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ

- പുസ്തക വായനയിലേക്ക് താല്പര്യം ജനിപ്പിക്കുന്നതിനായി ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
- പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലേക്കും വിദ്യാർത്ഥികളുടെ ശ്രദ്ധതിരിക്കുന്നു.
- വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള ആനുകാലികങ്ങൾ പരിചയപ്പെടുത്തുന്നു. (സ്പോർട്സ്, യാത്ര, ബിസിനസ്, വാഹനം തുടങ്ങിയവ
- ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടുകൂടിയുള്ള ഭാഷാപഠനം (സിനിമ, ഡോക്യുമെന്ററികൾ തുടങ്ങിയവ
- കുട്ടികളുടെ സർഗാത്മകസൃഷ്ടികളുടെ സമാഹരണവും പ്രദർശനവും വിലയിരുത്തലും.

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യബോധത്തോടെ പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക.<br><br>ജനാധിപത്യം ജീവിതത്തിന്റെ ഭാഗമാക്കാൻ ശീലിക്കുക.<br><br>മതേതരത്വം, സഹിഷ്ണുത എന്നിവ ശീലമാക്കുക | 1)മുന്നറിവുകളെ അടിസ്ഥാനമാക്കി വിദ്യാർത്ഥികളെ വിലയിരുത്തുക. അവയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കി പ്രത്യേകം വിഷയങ്ങളിലേക്ക് നയിക്കുക<br><br>2)ചരിത്രസ്ഥലങ്ങൾ നേരിട്ട് കാണുക, ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.<br><br>3)ചരിത്രപുസ്തകങ്ങളെക്കുറിച്ചും ചരിത്രകാരൻമാരെക്കുറിച്ചും ലഭ്യമായ വിവരങ്ങൾ ശേഖരിക്കുക.<br><br>4) പ്രാദേശിക ചരിത്ര രചനയിലേക്ക് കുട്ടികളെ നയിക്കുക. | എല്ലാ ക്ലാസ്സുകളും ഇതിലുൾപ്പെടുന്നു. ഒരു വർഷം നീളുന്ന വിധത്തിൽ പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു | സാമൂഹ്യശാസ്ത്രവിഭാഗം അധ്യാപകർ. | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായം. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവ രിക്കൽ | ഒപ്പത്തിനൊപ്പം, പ്രി ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാ രം | അധ്യാ പകർ, മുന്നോ ക്കം നിൽക്കു ന്ന കുട്ടികൾ | |
| 2)നിർമ്മിതി കളിലെ ശേഷി കൈവരി ക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിൻ്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർ ത്തനം | അധ്യാ പകർ | ടീച്ചേർസ് ഗ്രാന്റ് |
| 3)ഗണിത ത്തെ നിത്യജീ വിതവുമായി ബന്ധിപ്പിച്ച് ആശയങ്ങ ളുടെ പ്രാധാന്യം ബോധ്യപ്പെ ടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാ പകർ, പി.ടി.എ | പി.ടി.എ |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രവീക്ഷണം, ജിജ്ഞാസ, കൌതുകം, നിരീക്ഷണപാടവം എന്നിവയിലേക്ക് നയിക്കുക.<br><br>ശാസ്ത്രലോകത്ത് നടക്കുന്ന കാര്യങ്ങൾ അറിയുക.<br><br>നിത്യജീവിതത്തിലെ ശാസ്ത്രം പരിചയപ്പെടുക.<br><br>പരിസ്ഥിതി സൌഹൃദമനോഭാവം വളർത്തുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്നു.<br><br>അധ്യാപകരുടെ നിർദ്ദേശപ്രകാരം വിവിധ മോഡലുകൾ നിർമിക്കുന്നു.<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെയും മാതൃകകളുടയും പ്രദർശനം നടത്തുന്നു.<br><br>ശാസ്ത്ര-സാങ്കേതിക ലോകത്ത് സംഭവിക്കുന്ന അന്വേഷണങ്ങളുടെയും കണ്ടെത്തലുകളുടെയും വിവരങ്ങൾ ശേഖരിക്കുകയും അവ സഹപാഠികളിലേക്ക് കൂടി എത്തിക്കുകയും ചെയ്യുന്നതിന് ശാസ്ത്ര ബോർഡ് സ്ഥാപിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രചിത്ര പുസ്തകം തയ്യാറാക്കുക. സാങ്കേതികവിദ്യ ഉപയോഗിച്ച് ഇത്തരം കാര്യങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് ശേഖരിക്കുക. ഡിജിറ്റൽ മാസിക തയ്യാറാക്കുക.<br><br>പുതിയ കണ്ടെത്തലുകളെക്കുറിച്ച് മനസ്സിലാക്കി വിദ്യാർത്ഥികളെ അറിയിക്കുക.<br><br>നിത്യജീവിതവുമായി ബന്ധപ്പെട്ട ശാസ്ത്രകാര്യങ്ങളുടെ പട്ടിക തയ്യാറാക്കുകയും അതിന്റെ വിവരങ്ങൾ ചാർട്ട് രൂപത്തിൽ തയ്യാറാക്കുന്നു.<br><br>പാരിസ്ഥിതികാവബോധത്തിന്റെ അടിസ്ഥാനത്തിൽ പാഠഭാഗവുമായും നിത്യജീവിതവുമായും ബന്ധപ്പെട്ട ശാസ്ത്രകാര്യങ്ങളെക്കുറിച്ചു മനസ്സിലാക്കലും വിലയിരുത്തലും | അക്കാദമിക വർഷം മുഴുവനും | അധ്യാപകർ | പി ടി എ |

അനുബന്ധപ്രവർത്തനങ്ങൾ

- ശാസ്ത്ര വിഷയങ്ങൾക്കും പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ദിനാചരണ പ്രവർത്തനങ്ങൾ സമഗ്രമായി ആചരിക്കും.
- പരിസ്ഥിതി പ്രവർത്തകർ, ശാസ്ത്രാധ്യാപകർ മുതലായവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്യാമ്പുകൾ ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു
- പ്രകൃതിയിലെ വൈവിധ്യങ്ങളെ നേരിൽ കണ്ട് അനുഭവിച്ചറിയുന്നതിനും ഉൾക്കൊള്ളുന്നതിനും പഠനയാത്രകളും സംഘടിപ്പിക്കുന്നു
- വൈവിധ്യമാർന്ന ശാസ്ത്ര പരീക്ഷണങ്ങൾ, നിത്യ ജീവിതത്തിലെ പ്രായോഗികതകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്രപരീക്ഷണ ക്യാമ്പ് സംഘടിപ്പിക്കുന്നു

## വിവിധ യൂണിറ്റുകൾ

### ജെ ആർ സി

സ്കൂളിലെ ജെ ആർ സി യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമമായിത്തന്നെ മുന്നോട്ട് പോകുന്നുണ്ട്. സന്നദ്ധ പ്രപവർത്തനങ്ങളിലും സ്കൂളിന്റെ ശുചീകരണ പ്രവർത്തനങ്ങളിലും ഇടപെട്ടുകൊണ്ടാണ് പ്രവർത്തിച്ചു വരുന്നത്.

ഈ വർഷം സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതാണ്. അതിന്റെ പരിചരണമടക്കം ജെ ആർ സിയുടെ നേതൃത്വത്തിലായിരക്കും.

### ലിറ്റിൽ കൈറ്റ്സ്

2024–25 വർഷമാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചത്. 2025–26 അക്കാദമിക വർഷത്തിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ നമ്മുടെ ക്ലാസ്സ് റൂമുകളിലേക്ക്കൂടി പ്രയോജനപ്പെടുന്ന വിധത്തിൽ യൂണിറ്റിനെ ഉപയോഗിക്കുന്നതാണ്. പാഠ്യ– പാഠ്യേതര പ്രവർത്തനങ്ങളിൽ മറ്റ് ക്ലബ്ബുകളുമായി ചേർന്ന് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതാണ്.

### കലണ്ടറുകൾ

ദിനാചരണങ്ങൾ, അക്കാദമിക പ്രവർത്തനങ്ങൾ എന്നിവയെ സമഗ്രമായി ഉൾക്കൊള്ളിച്ചുകൊണ്ട് വിഷയാധിഷ്ഠിതമായി കലണ്ടറുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ വിഷയത്തിന്റെയും ചുമതലയുള്ള അധ്യാപകരുടെ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

# പാഠ്യേതരപ്രവർത്തനങ്ങൾ

ആമ്പൽ നീന്തൽ പരിശീലനം

നീന്തൽ പരിശീലനത്തിൽ പുതിയ അധ്യായം രചിച്ച് മാടായി ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ആമ്പൽ നീന്തൽ പരിശീലന പദ്ധതി. വിദ്യാർത്ഥികളുടെ കായികക്ഷമതയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനും സ്വയ രക്ഷക്കും പ്രയോജന പ്രദമാകുന്ന വിധത്തിലാണ് നീന്തൽ പരിശീലന പദ്ധതിയായ 'ആമ്പൽ ' വിഭാവനം ചെയ്തത്. സ്കൂളിലെ കായികാധ്യാപികയുടെ നേതൃത്വത്തിലാണ് അഞ്ചാം ക്ലാസ്സ് മുതൽ പത്താം തരം വരെയുള്ള 60 ലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നത്.

1) സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്

സ്കൂൾ പാർലമെൻ് തിരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽത്തന്നെ നടപ്പിലാക്കുന്നതിനായി. ക്ലാസ് പ്രതിനിധികളായി തെരഞ്ഞെടുപ്പിൽ മൽസരിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും നിശ്ചിത അപേക്ഷാഫോറത്തിൽ പാർലമെൻ്റ് തിരഞ്ഞെടുപ്പുകളുടെ മാതൃകയിൽ അപേക്ഷ സ്വീകരിക്കും. അതിന് ശേഷം വിദ്യാർത്ഥി പ്രതിനിധികളുടെ കൂടി സാനിധ്യത്തിൽ അപേക്ഷയിൽ വിശദ പരിശോധന നടത്തി മൽസരാർത്ഥികളുടെ പേര് വിവരം പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് നടക്കുന്ന തെരഞ്ഞെടുപ്പ് കൃത്യമായി ഇലക്ഷൻ മാതൃക പിന്തുടരുന്ന രീതിയിൽ നടത്തുകയും ചെയ്യുന്നതാണ് . വോട്ടെടുപ്പ് ദിവസം ബൂത്തിൽ വിദ്യാർത്ഥികളുടെ പ്രതിനിധികളെ (ബൂത്ത് ഏജൻ്റ്) ഉൾപ്പെടുത്തുന്നു. വോട്ട് ചെയ്യാനെത്തുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം തയ്യാറാക്കിയ ഇലക്ഷൻ സ്ലിപ്പ് നൽകുകയും

അതുപയോഗിച്ച് വോട്ട് രേഖപ്പെടുത്തുകയും ചെയ്യുന്നു. വോട്ട് ചെയ്തതിന് ശേഷം ഓരോ വിദ്യാർത്ഥിയുടെയും വിരലിൽ മഷിയടയാളം പതിപ്പിക്കുകയും ചെയ്തുകൊണ്ട് കൃത്യമായ തെരഞ്ഞെടുപ്പ് മാതൃക പിന്തുടർന്നതിനാൽ വിദ്യാർത്ഥികളിൽ സാമൂഹികാവബോധത്തോടൊപ്പം ഉയർന്ന ജനാധിപത്യ ബോധവും രാഷ്ട്രീയ ബോധവും ഉണ്ടാക്കാൻ പര്യാപ്തമാകുന്നതാണ്.

# ഉപസംഹാരം

മാടായി ഗവ. ബോയ്സ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കുളിലെ ഹൈസ്ക്കൂൾ വിഭാഗത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങളെ സ്വാധീനിക്കും വിധത്തിലും സമഗ്രഗുണമേന്മാ പദ്ധതിയുടെ ഗുണഫലങ്ങൾ ഓരോ വിദ്യർത്ഥിക്കും ലഭ്യമാകും വിധത്തിലാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ വിഭാവനം ചെയ്തിരിക്കുന്നത്. പ്രായോഗികതലത്തിൽ വരുന്ന തടസ്സങ്ങളും പ്രതിസന്ധികളും മറികടക്കുന്നതിനായി കാലികപ്രസക്തിയുള്ള മാറ്റങ്ങളും കുടി ഇതിലേക്ക് ഉൾക്കൊള്ളിക്കുന്നതായിക്കും. അത്തരം മാറ്റങ്ങൾ വിദ്യാർത്ഥികേന്ദ്രിതവും ജനാധിപത്യപരവുമായിരിക്കും.